(ബി) ഇത് സംബന്ധിച്ച എത്ര ഫയലുകളാണ് തീർപ്പുകൽപ്പിക്കാനുള്ളത്;

(സി) പ്രസ്തുത സമിതി ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പി. എസ്. സി. അഡ്വൈസ് ചെയ്തതോ അല്ലാത്തതോ ആയ യാതൊരു കേസുകളും കമ്മിറ്റിയുടെ പരിഗണനയിൽ നിലവിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) സമിതി പിരിച്ചുവിട്ടിട്ടില്ല.

എൽ. ഡി. സി. എഴുത്തുപരീക്ഷയെ സംബന്ധിച്ച് നടത്തിയ ക്രൈംബ്രാഞ്ച് അന്വേഷണം

31 [31] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എം. എ. ചന്ദ്രശേഖരൻ:

,, വർക്കല കഹാർ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പി. എസ്. സി. ഏറ്റവും ഒടുവിൽ എൽ. ഡി. സി. മാരായി നിയമിക്കുന്നതിന് നടത്തിയ എഴുത്ത് പരീക്ഷ സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലെ പരീക്ഷ സംബന്ധിച്ചാണ് അന്വേഷണം നടത്തുന്നത്;

(സി) ഈ പരീക്ഷ സംബന്ധിച്ച് ലഭിച്ച എല്ലാ പരാതികളേയും പറ്റി ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നുണ്ടോ;

(ഡി) ഈ അന്വേഷണം നടക്കുമ്പോൾ തന്നെ എൽ. ഡി. സി.-യായി നിയമിക്കപ്പെടുന്നതിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ക്രൈംബ്രാഞ്ച് അന്വേഷണം നടക്കുമ്പോൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള കാരണമെന്ത്;

(എഫ്) ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ പരീക്ഷ നടത്തിപ്പിൽ ക്രമക്കേടുണ്ടെന്ന് തെളിയുന്ന പക്ഷം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് റദ്ദാക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കൊല്ലം ജില്ലയിൽ നടത്തിയ എൽ. ഡി. ക്ലാർക്കുമാരുടെ പരീക്ഷ സംബന്ധിച്ച അന്വേഷണമാണ് ക്രൈംബ്രാഞ്ച് ഇപ്പോൾ നടത്തുന്നത്.

(ഡി) വിവിധ വകുപ്പുകളിലെ എൽ. ഡി. സി. തസ്തികയ്ക്ക് എല്ലാ ജില്ലകളിലേക്കുമുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം 31-12-2002-ൽ പ്രസിദ്ധീകരിച്ചപ്പോൾ തന്നെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ച് 31-12-2003-നകം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്ന് പി. എസ്. സി. പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിനനുസൃതമായി കൊല്ലം, കണ്ണൂർ ജില്ലകളൊഴികെയുള്ള പന്ത്രണ്ടുജില്ലകളിലെ റാങ്ക് ലിസ്റ്റ്, വിജ്ഞാപനം ചെയ്ത തീയതിക്കകം (31-12-2003-നകം) പ്രസിദ്ധീകരിച്ചതായും കൊല്ലം ജില്ലയിൽ പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ ചോർന്നതായി തെളിഞ്ഞതിനാൽ, പ്രസ്തുത തെരഞ്ഞെടുപ്പ് റദ്ദാക്കിയതായും കണ്ണൂർ ജില്ലയിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ലഭിച്ച ചില പരാതികളിൻമേലുള്ള അന്വേഷണം പൂർത്തിയാക്കേണ്ടതുള്ളതുകൊണ്ട് പ്രസ്തുത ജില്ലയിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലെന്നും ആണ് പി. എസ്. സി. അറിയിച്ചിട്ടുള്ളത്.

(ഇ & എഫ്) കൊല്ലം ജില്ലയിൽ നടന്ന എൽ. ഡി. സി. പരീക്ഷ സംബന്ധമായ ക്രമക്കേടുകളിൻമേലാണ് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുന്നത്. ആ ജില്ലയിലെ തെരഞ്ഞെടുപ്പ് റദ്ദ് ചെയ്തിട്ടുണ്ട്.

എൽ. ഡി. സി. പരീക്ഷയുടെ റാങ്ക്ലിസ്റ്റ്

32 [32] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ എൽ. ഡി. ക്ലാർക്കായി നിയമിക്കപ്പെടുന്നതിന് അപേക്ഷിച്ചിരുന്നവർക്കുവേണ്ടിയുള്ള എഴുത്തുപരീക്ഷ നടത്തി നിയമനത്തിന് അർഹരായവരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവോ;

(ബി) എങ്കിൽ എന്ന്?

LIBRARY ARCHIVES Kerala Legislative Assembly